# കേരള സ്ത്രീകളുടെ വർത്തമാനം

## സി.എസ് ചന്ദ്രിക



**കേരളപ്പിറവിയുടെ** അമ്പതാം വാർഷികം പ്രമാണിച്ച് ഇവിടെ വലിയ ആഘോഷങ്ങൾ നടന്നു. 'മലയാളി' എന്ന ഇന്ത്യൻ ഐഡന്റിറ്റിയിൽ നമുക്ക് അഭിമാനവും അഹങ്കാരവുമുണ്ടെന്നതാണ് വാസ്തവം. തൊട്ടപ്പുറത്തുള്ള തമിഴരോട് മലയാളിക്കുള്ള സർവപുച്ഛവും ഈ അഭിമാനത്തിന്റെ മറുപുറമാണ്. ഈ അഹങ്കാരത്തിന് വിവിധ കാരണങ്ങളും നമ്മൾ ഉയർത്തിക്കാണിക്കാറുണ്ട്. അതിൽ പ്രധാനം പല സാമൂഹിക വികസനസൂചികകളിലും കേരളം ഇന്ത്യയിൽ 'മാതൃകാ' സംസ്ഥാനമാണ് എന്നതാണ്.

കേരളത്തിലെ സ്ത്രീകളുടെ 'ഉയർന്ന സാമൂഹിക പദവി'യെക്കുറിച്ചുള്ള ചർച്ചകൾ ദേശീയ, അന്തർദേശീയ തലത്തിൽ ഉയർന്നു വന്നതും ഈ സവിശേഷ സാഹചര്യത്തിലാണ്. സ്ത്രീകളുടെ ഉയർന്ന വിവാഹപ്രായം, കുടുംബാസൂത്രണം, ആയുർദൈർഘ്യം തുടങ്ങിയ കാര്യങ്ങളിൽ മലയാളി സ്ത്രീകൾ ഇന്ത്യയിൽ മുന്നിട്ടു നിൽക്കുന്നു എന്നാണ് കണക്കുകൾ. മാതൃമരണനിരക്കും ശിശുമരണനിരക്കും കേരളത്തിൽ കുറവാണ്. ഇക്കാരണങ്ങളാൽ, ലിംഗപദവി വികസന സൂചികകളുടെ അടിസ്ഥാനത്തിൽ യു.എൻ.ഡി.പി നടത്തുന്ന കണക്കെടുപ്പുകളിൽ മലയാളി സ്ത്രീകൾക്ക് ഉയർന്ന സ്ഥാനം ലഭിക്കുന്നു; മറ്റു വികസിത രാജ്യങ്ങളിലെ സ്ത്രീകൾക്കൊപ്പം. ഒരു മലയാളി സത്രീ എന്ന നിലയിൽ ഈ അഭിമാനത്തിന്റെ പങ്ക് ഒരു പരിധിവരെ ഞാനും പറ്റുന്നുണ്ട്; ഈ നാട്ടിലാണ് മാറുമറയ്ക്കാൻ പോലും സ്വാതന്ത്ര്യമില്ലാതെ നമ്മുടെ പൂർവികരായ സ്ത്രീകൾ ജീവിച്ചിരുന്നത് എന്ന ചരിത്രമോർക്കുമ്പോൾ പ്രത്യേകിച്ചും.

എന്നാൽ, ലളിതസമവാക്യങ്ങളിൽ രൂപപ്പെടുത്തിയ കേരള സ്ത്രീയുടെ സാമൂഹിക പദവി എന്ന ധാരണകളിലെ പ്രശ്നങ്ങളും പ്രതിസന്ധികളും ഓരോ മലയാളിയും അറിഞ്ഞിരിക്കേണ്ടതുണ്ട്. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും എന്താണ് മലയാളി സ്ത്രീ എന്ന ചോദ്യം സ്ത്രീകളെങ്കിലും ശക്തമായി ഇന്നുന്നയിക്കേണ്ടതുണ്ട്. സാക്ഷരരായതു കൊണ്ടും ആയുസ്സു കൂടിയതു കൊണ്ടും ലിംഗാനുപാതത്തിൽ പുരുഷന്മാരേക്കാൾ ഉയർന്നു നിൽക്കുന്നതു കൊണ്ടും ഇവിടെ സ്ത്രീകൾ സാമൂഹിക പദവി കൈവരിച്ചുവോ? അതോ സ്ത്രീ ശരീരമായി പിറന്നവരായതു കൊണ്ടു മാത്രം കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ കടുത്ത വിവേചന

ങ്ങളും ചൂഷണവും അടിച്ചമർത്തലും അതിക്രമങ്ങളും നേരിടുന്നുണ്ടോ?

തീർച്ചയായും നിരവധി സ്ത്രീകളുടെ പ്രതിരോധത്തിന്റെയും പോരാട്ടങ്ങളുടെയും ഭാഗമായി കേരളത്തിലെ സ്ത്രീകൾക്ക് മുന്നോട്ടു വരാനും പൊതുസമൂഹത്തിലിടപെടാനും അവസരങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ, കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന സാക്ഷരത, ദീർഘായുസ്സ്, കുറഞ്ഞ മാതൃമരണനിരക്ക്, ഉയർന്ന വിവാഹപ്രായം, ഉയർന്ന ലിംഗാനുപാതം എന്ന സാമ്പ്രദായിക വികസന സൂചികകളെ വെല്ലുവിളിച്ചുകൊണ്ട് കുറഞ്ഞ തൊഴിൽപങ്കാളിത്തം (ബീഹാറിലെ സ്ത്രീകളുടേതിനേക്കാൾ കുറവാണിത് 16%), കൂടിയ രോഗാതുരത, അഞ്ചു വയസ്സു വരെയുള്ള പെൺകുട്ടികളുടെ ലിംഗാനുപാതത്തിൽ വന്ന കുറവ്, വർധിച്ച ലൈംഗിക ചൂഷണം, ലൈംഗികാതിക്രമം, പൊതുസ്ഥലത്തും വീട്ടിലും യാത്രാവേളയിലുമുള്ള അരക്ഷിതത്വം, ഉയർന്ന ഗാർഹികാതിക്രമം, വർധിച്ചു വരുന്ന ദാരിദ്ര്യം, അനീമിയ പോലെ പോഷകാഹാരക്കുറവു കൊണ്ടുള്ള രോഗങ്ങൾ, സ്തന-ഗർഭാശയ കാൻസർ, മറ്റു ജീവിതശൈലീ രോഗങ്ങൾ, വർധിച്ച ആത്മഹത്യാ നിരക്ക്, തീരുമാനമെടുക്കുന്ന ഘടനകളിലും പ്രക്രിയകളിലുമുള്ള കുറഞ്ഞ രാഷ്ട്രീയാധികാരം, കുറഞ്ഞ സഞ്ചാരസ്വാതന്ത്ര്യം തുടങ്ങി ധാരാളം പ്രശ്നങ്ങൾ ഇന്നുയർന്നു നിൽക്കുകയാണ്. അക്രമാസക്തമായ മുതലാളിത്ത വികസന നയങ്ങളിൽ സ്വകാര്യവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസ, ആരോഗ്യ, സേവന, തൊഴിൽ മേഖലകൾ തുടങ്ങിയവ ഒരു വലിയ വിഭാഗം സ്ത്രീകൾക്ക് അപ്രാപ്യമായി. ഉപജീവനമാർഗങ്ങൾ ഇല്ലാത്തതു കൊണ്ടും അക്രമം, ചൂഷണം തുടങ്ങി പ്രകടവും അല്ലാത്തതുമായ പ്രശ്നങ്ങൾ കൊണ്ടും സ്ത്രീകൾ ആത്മഹത്യ ചെയ്യുകയോ ശരീരം വിൽക്കുകയോ ചെയ്യുന്നു. ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക പ്രതിസന്ധി മൂലം പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും കേരളത്തിൽ ഉണ്ടായിക്കഴിഞ്ഞു. വിശേഷിച്ചും ദരിദ്രരും ദലിതരും ആദിവാസികളുമായ പെൺകുട്ടികൾ. കേരളത്തിലെ ഭൂരിഭാഗം സ്ത്രീകളുടെയും സമകാലീന ജീവിതാവസ്ഥയുടെ ഒരു പരിഛേദ ചിത്രം ഇങ്ങനെയാണ്.

## സാക്ഷരതയെന്ന മിഥ്യയും സ്ത്രീയാഥാർഥ്യങ്ങളും

ഇന്ത്യയിൽ 54 ശതമാനം മാത്രം സ്ത്രീ സാക്ഷരതയുള്ളപ്പോൾ കേരളത്തിൽ 87 ശതമാനം സ്ത്രീകളും സാക്ഷരരാണ് എന്നാണ് കണക്കുകൾ. ഈ എൺപത്തേഴ് ശതമാനം സാക്ഷരത വലിയൊരളവിൽ സാങ്കേതികമാണെന്ന് നമുക്കറിയാം. എൺപത്തേഴു ശതമാനം പേർക്കും പേരെഴുതി നന്നായി വായിക്കാനും എഴുതാനും കഴിയുന്ന തലത്തിലേക്ക് സാക്ഷരത എന്ന ആശയം എപ്പോഴാണ് ഫലപ്രാപ്തിയിലെത്തുക എന്നറിയില്ല. വായിക്കാനും എഴുതാനും കഴിയുക എന്നത് തീർച്ചയായും വലിയ കാര്യമാണ്. തങ്ങൾ നേരിടുന്ന വിവേചനങ്ങളെയും ചൂഷണങ്ങളെയും തിരിച്ചറിയാനും പ്രതിരോധിക്കാനും ജീവിതമാർഗം കണ്ടെത്താനും ജീവിതത്തെ സ്വയം നിർണയിക്കാനുമൊക്കെ സാക്ഷരതയും വിദ്യാഭ്യാസവും സഹായകമാകാം. അത്തരം വിപ്ലവകരമായ ശേഷി ഉൾക്കൊള്ളുന്നതുകൊണ്ടാണല്ലോ സ്ത്രീകൾക്കും താഴ്ന്ന ജാതി/വംശക്കാർക്കും ആദ്യകാലങ്ങളിൽ (ലോകത്തെല്ലായിടത്തും) വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നത്.

അതേസമയം, വിദ്യാഭ്യാസം നേടിയ കേരളത്തിലെ സ്ത്രീകളുടെ ഗാർഹിക-പൊതുജീവിതാവസ്ഥയിലെ വൈരുധ്യങ്ങൾ ശ്രദ്ധേയമാണ്. ഫ്യൂഡൽ-കൊളോണിയൽ മൂല്യങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ഭർത്താവിനെയും കുഞ്ഞുങ്ങളെയും ശുശ്രൂഷിച്ച് ജീവിക്കുന്ന ഉത്തമ കുടുംബിനികളാവാൻ പെൺകുട്ടികളെ പരിശീലി

പ്പിച്ചെടുക്കുന്ന ഫാക്ടറികളെപ്പോലെയാണ് നമ്മുടെ പാഠശാലകൾ ഇന്നും പ്രവർത്തിക്കുന്നത്. മാത്രവുമല്ല, ഇന്ന് പെൺകുട്ടികളുടെ വിദ്യാഭ്യാസം വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്തു നടന്നുകൊണ്ടിരിക്കുന്ന സ്വകാര്യവൽക്കരണം സാരമായി ബാധിക്കുന്നത് ദരിദ്രരായ തൊഴിലാളികളുടെയും ദലിതരുടെയും ആദിവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയുമൊക്കെ വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങളിലും അവകാശങ്ങളിലും സ്വപ്നങ്ങളിലുമാണ്. സ്കൂളിൽനിന്ന് കൊഴിഞ്ഞു പോകുന്ന പെൺകുട്ടികളുടെയും കുറഞ്ഞ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെയും എണ്ണത്തിൽ ഇവിടെ ഗണ്യമായ വർധനവുണ്ടാകാൻ തുടങ്ങിയിട്ടുണ്ട്.

## തൊഴിൽപങ്കാളിത്തത്തിലെ വൈരുധ്യങ്ങൾ

കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന സാക്ഷരതാ നിരക്കിലുള്ള മറ്റൊരു വൈരുധ്യമാണ് കേരളത്തിലെ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽപങ്കാളിത്തം. മൊത്തം സംസ്ഥാനങ്ങളിലെ കണക്കുകളെടുത്തു നോക്കിയാൽ തൊഴിൽപങ്കാളിത്തത്തിന്റെ കാര്യത്തിൽ ഏറ്റം കുറവ് സ്ത്രീകൾ ഉള്ളത് കേരളത്തിലാണ് –15.3 ശതമാനം. അവിശ്വസനീയമായ വൈരുധ്യമാണിത്! സാക്ഷരതയിലും മറ്റും ഏറ്റം പിന്നാക്കം നിൽക്കുന്നു എന്നു പറയുന്ന രാജസ്ഥാനിലും ഗുജറാത്തിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം യഥാക്രമം 33.5 ശതമാനം, 27.9 ശതമാനം എന്നിങ്ങനെയാണ്. സെൻസസ് റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ 1961ൽ കേരളത്തിലുണ്ടായിരുന്ന 21 ശതമാനം സത്രീ തൊഴിൽപങ്കാളിത്തം 1991ൽ 15.9 ശതമാനമായും 2001ൽ 15.3 ശതമാനമായും കുറഞ്ഞതായി കാണാം (എന്നാൽ പുരുഷന്മാരുടെ തൊഴിൽപങ്കാളിത്തം മുൻവർഷങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുന്നുമുണ്ട്).

സാക്ഷരതയിലും ജനസംഖ്യാനിയന്ത്രണത്തിലും നേട്ടം കൈവരിച്ച ഒരു സംസ്ഥാനത്ത് സാമ്പത്തിക വരുമാനപ്രവർത്തനങ്ങളിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്. എന്നാൽ പുത്തൻ മുതലാളിത്ത സാമ്പത്തിക പരിഷ്കരണങ്ങളുടെയും വികസനങ്ങളുടെയും ഇക്കാലത്ത് രൂപപ്പെടുത്തുന്ന നയങ്ങളും പരിഷ്കരണങ്ങളും സ്ത്രീകളെയാണ് ആദ്യം ആക്രമിക്കുന്നത് എന്ന് കണ്ടെത്താൽ വലിയ പ്രയാസമില്ല. കാരണം, കഴിഞ്ഞ കാലങ്ങളിൽ വലിയ തോതിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തമുണ്ടായിരുന്നത് കാർഷിക രംഗത്തും പരമ്പരാഗത വ്യവസായ രംഗത്തുമായിരുന്നു. ഈ രംഗത്ത് രൂപപ്പെട്ട പ്രതിസന്ധി വളർന്ന് വലുതായി ഇന്ന് കാർഷികരംഗവും പരമ്പരാഗത വ്യവസായവും നാമാവശേഷമാകുന്ന സ്ഥിതിയിലേക്കെത്തിയിരിക്കുകയാണ്. കേരളത്തിൽ കൃഷിഭൂമി ഇല്ലാതായിക്കൊണ്ടിരിക്കുന്നതും അവശേഷിക്കുന്ന കൃഷിഭൂമിയിലെ കൃഷിരീതികൾ മാറിയതും വിളവെടുപ്പു രീതികൾ വ്യത്യാസപ്പെട്ടതും പുരുഷന്മാരുടെ നിയന്ത്രണാധികാരത്തിലുള്ള സാങ്കേതിക ഉപകരണങ്ങളുടെ പ്രയോഗവുമൊക്കെ സ്ത്രീകളുടെ തൊഴിലിനെ നേരിട്ട് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## സ്ത്രീകളുടെ ഉയർന്ന ലിംഗാനുപാതം

ലിംഗാനുപാതത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ മാത്രമാണ് സ്ത്രീകൾ മുന്നിൽ നിൽക്കുന്നത്– 1000 പുരുഷന്മാർക്ക് 1058 സ്ത്രീകൾ. ഇന്ത്യയിൽ 1000 പുരുഷന്മാർക്ക് 933 സ്ത്രീകൾ എന്ന കണക്കുകൾക്കു മുമ്പിലാണ് ഈ വലിയ വ്യത്യാസം. മറ്റു സംസ്ഥാനങ്ങളിൽ നട

ക്കുന്നതു പോലെ കേരളത്തിൽ പെൺഭ്രൂണഹത്യ നടക്കുന്നില്ലെന്നാണ് ഈ വ്യത്യാസത്തിനുള്ള ശക്തമായ ഒരു വ്യാഖ്യാനം. എന്നാൽ, ലിംഗാനുപാതത്തിന്റെ കണക്കുകളിൽ സ്ത്രീകൾക്ക് പ്രതികൂലമായ വ്യതിയാനമാണ് കണ്ടു തുടങ്ങിയിരിക്കുന്നത്. ഈ മാറ്റം കാണുന്നത് 6 വയസ്സുവരെ പ്രായമുള്ള ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ജനസംഖ്യയിലാണ്. 2001ലെ സെൻസസ് പ്രകാരം 1000 ആൺകുട്ടികൾക്ക് 963 പെൺകുട്ടികൾ മാത്രമാണ് കേരളത്തിലുള്ളത്. ഇവിടെ വലിയ തോതിൽ പെൺഭ്രൂണഹത്യ നടക്കുന്നതിന്റെ സൂചനയായി ഈ പ്രശ്നം ചർച്ച ചെയ്യപ്പെടുമ്പോഴും പെൺഭ്രൂണഹത്യയെക്കുറിച്ച് കണക്കുകളടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കുന്ന അന്വേഷണങ്ങളും പഠനങ്ങളും ഇതുവരെയും കൃത്യമായി നടന്നിട്ടില്ല.

## ഉപേക്ഷിക്കപ്പെടുന്ന വൃദ്ധസ്ത്രീകൾ

'അവശയായ അമ്മയെ മക്കൾ ചവറ്റുകൂനയിലെറിഞ്ഞു' എന്ന വാർത്ത വായിച്ചാൽ നമുക്കെന്തു തോന്നും? കുറച്ചു നാൾ മുമ്പ് ഒരു പത്രത്തിൽ വന്ന വാർത്തയായിരുന്നു ഇത്. അമ്മയുടെ സംരക്ഷണത്തെച്ചൊല്ലി മക്കൾ തമ്മിലുള്ള തർക്കമാണ് ഈ അമ്മ മാലിന്യക്കൂമ്പാരത്തിൽ ഉപേക്ഷിക്കപ്പെടാൻ ഇടയാക്കിയത്. വാർത്ത വായിച്ചവർ, ഈ സംഭവം നടന്നത് തമിഴ്നാട്ടിലെ ഈറോഡിലാണെന്നും മലയാളികൾ പെറ്റമ്മയെ ഇത്ര ക്രൂരമായി വലിച്ചെറിയുന്നവരല്ലെന്നുമൊക്കെ മനസ്സമാധാനത്തിനുവേണ്ടിയെങ്കിലും വിചാരിച്ചിട്ടുണ്ടാവും. എന്നാൽ എഴുപത്തഞ്ചു വയസ്സുള്ള ചിന്നമ്മാൾ എന്ന ആ അമ്മയുടെ ഗതി നമ്മുടെ നാട്ടിലും എത്രയോ അമ്മമാർ അനുഭവിക്കുന്നുണ്ട്. പെറ്റമ്മക്ക് ഭക്ഷണം കൊടുക്കാതെയും തെറി വിളിച്ചും മർദിച്ചും 'സംരക്ഷിക്കുന്ന' നിരവധി മക്കളുള്ള നാടാണ് നമ്മുടെ കേരളം. ഇതൊരു പുതു തലമുറ പ്രശ്നമാണെന്ന് (New generation issue) പലരും പറയുന്നു. അണുകുടുംബങ്ങളുടെയും ആധുനികോത്തര ജീവിത രീതികളുടെയും അനിവാര്യ ദുരന്തമായിട്ടാണോ ഇന്ന് വൃദ്ധർ ഇങ്ങനെ വലിച്ചെറിയപ്പെടുന്നത്? എന്തായാലും, വയസ്സുകാലത്ത് മക്കളിൽനിന്ന് നല്ല സ്നേഹവും കരുതലും പരിചരണവുമൊക്കെ ലഭിക്കുന്ന അഛനമ്മമാർ കേരളത്തിൽ വളരെ കുറവാണ് എന്നതാണ് യാഥാർഥ്യം.

കേരളം ജനസംഖ്യാനിയന്ത്രണത്തിൽ വിജയം കൈവരിച്ച സംസ്ഥാനമാണ്. അതിന്റെ ഭാഗമായി പല മാറ്റങ്ങളും ഇവിടെ ഉണ്ടായിട്ടുമുണ്ട്. ഈ മാറ്റങ്ങളുടെ ഒരു അനന്തരഫലം കേരളത്തിൽ വൃദ്ധജനസംഖ്യ വർധിച്ചു വരുന്നു എന്നതാണ്. കേരളത്തിൽ സ്ത്രീകളുടെ ആയുർദൈർഘ്യം കൂടുതലായതുകൊണ്ട് വൃദ്ധജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. 2005-ലെ ഡവലപ്മെന്റ് റിപ്പോർട്ടു പ്രകാരം 60 വയസ്സിനു മുകളിലുള്ളവരുടെ ലിംഗാനുപാതം ആയിരം പുരുഷന്മാർക്ക് 1224 സ്ത്രീകളും 80 വയസ്സിനു മുകളിലുള്ളവരുടേത് 1000-ന് 1529 എന്നുമാണ്. പുരുഷന്മാർ തന്നേക്കാൾ പ്രായം കുറഞ്ഞ സ്ത്രീകളെ വിവാഹം കഴിക്കുന്ന നിലവിലെ വിവാഹപ്രായഘടനയുടെ ഭാഗമായി വിധവകളുടെ എണ്ണം കൂടുതലാണ് എന്ന വസ്തുതയും ഗൗരവത്തോടെ കാണേണ്ടതുണ്ട്.

വൃദ്ധർ നേരിടുന്ന സവിശേഷ ജീവിതപ്രശ്നങ്ങൾ 'രാഷ്ട്രീയ, സാംസ്കാരിക, പുരോഗമന കേരള'ത്തിൽ ഇന്നേവരെ മുഖ്യ ചർച്ചാവിഷയമായിട്ടില്ല. വൃദ്ധർക്ക് വേണ്ടി വികസന തന്ത്രങ്ങളും പദ്ധതികളും സവിശേഷ പ്രാധാന്യത്തോടുകൂടി ആസൂത്രണം ചെയ്യേണ്ടതുണ്ട് എന്ന് ആസൂത്രകർ മനസ്സിലാക്കാത്തേടത്തോളം നമ്മുടെ വികസന സങ്കൽപങ്ങളും ഈ നിലയിൽ വിഭാഗീയമായി ഇങ്ങനെ തന്നെ തുടരു

കയും ചെയ്യും. വാർധക്യം, അലസമായും അശ്രദ്ധമായും കൈകാര്യം ചെയ്യപ്പെടേണ്ടതല്ല. വാർധക്യം നൽകുന്ന പ്രത്യേകമായ ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യപ്രശ്നങ്ങളുണ്ട്. വാർധക്യത്തിന്റെ വിഷമങ്ങൾ നേരിടുന്ന കുറേ അമ്മമാരോടൊപ്പമിരുന്ന് ഞാൻ ഒരിക്കൽ സംസാരിച്ചു. ആരെങ്കിലും തങ്ങളോട് സ്നേഹപൂർവം സംസാരിക്കുന്നതും പറയാനുള്ളത് കേൾക്കുന്നതും അവരെ സംബന്ധിച്ച് ഏറ്റവും ആശ്വാസകരമായ കാര്യമാണെന്ന് ഞാനന്ന് മനസ്സിലാക്കി. കാരണം കുടുംബത്തിലും സമൂഹത്തിലും അത്ര കഠിനമായ ഒറ്റപ്പെടലും വിഷാദവും ഇവർ അനുഭവിക്കുന്നുണ്ട്. വൃദ്ധനെങ്കിലും ശാരീരികാരോഗ്യമുണ്ടെങ്കിൽ പുരുഷന് പുറംലോകം കാണാനുള്ള സാഹചര്യം സ്ത്രീയെക്കാൾ കൂടുതലുണ്ടെന്ന് നമുക്കറിയാം. എല്ലാതരത്തിലുമുള്ള വർധിച്ച ആശ്രിതത്വം വൃദ്ധരായ സ്ത്രീകളെ മരണതുല്യരായി ജീവിക്കാൻ വിടുകയാണിന്ന്.

## അതിക്രമവും
## അരക്ഷിതത്വവും

കേരളത്തിൽ സ്ത്രീകൾ നേടിയ പല നേട്ടങ്ങൾക്കും നേരെയുള്ള ശക്തമായ തിരിച്ചടികളിലൊന്നാണ് സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ നടക്കുന്ന വർധിച്ച തോതിലുള്ള അതിക്രമങ്ങൾ. രണ്ടു വയസ്സുമുതൽ എൺപതോ അതിലധികമോ പ്രായമുള്ള പെൺകുഞ്ഞുങ്ങളും സ്ത്രീകളും ഇന്ന് ശാരീരികമായും മാനസികമായും ലൈംഗികമായും സുരക്ഷിതരല്ല. സ്ത്രീകൾ പലവിധത്തിൽ ചൂഷണം ചെയ്യപ്പെടുന്ന നമ്മുടെ സമൂഹത്തിൽ ലിംഗപദവി സംബന്ധിച്ച് നിലനിൽക്കുന്ന അസമത്വങ്ങളുടെ പ്രത്യാഘാതമാണിത്. പൊതുസ്ഥലത്തും യാത്രാവേളകളിലും നേരിടുന്ന അതിക്രമങ്ങൾ, തട്ടിക്കൊണ്ടു പോകൽ, ബലാത്സംഗം, സെക്സ് റാക്കറ്റുകൾ വഴിയുള്ള ലൈംഗികകച്ചവടം, ഗാർഹികാതിക്രമങ്ങൾ, ബാലലൈംഗികപീഡനം തുടങ്ങിയ വിവിധതരം അക്രമങ്ങൾ കേരളത്തിൽ ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുന്നത് ഇവിടെ ലിംഗപരമായ അസമത്വവും അടിച്ചമർത്തലും കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവാണ്. നവോത്ഥാന കാലത്തുണ്ടായ സാമൂഹിക, രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ ജീവിതാവസ്ഥയെക്കുറിച്ചുണ്ടായിരുന്ന ഉൽകണ്ഠകളും താൽപര്യവും ഇന്നുള്ള സാമുദായിക, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് തീർത്തും അന്യമായിരിക്കുന്നു എന്നതും കൂടിയാണിത് വെളിവാക്കുന്നത്.

സൂര്യനെല്ലി, വിതുര, കോഴിക്കോട്, പന്തളം, കോതമംഗലം, തോപ്പുംപടി, കിളിരൂർ തുടങ്ങിയ നാമങ്ങളിൽ അറിയപ്പെട്ട ലൈംഗിക പീഡനപരമ്പരകൾ നടത്തിയ സെക്സ് റാക്കറ്റുകൾ പോലെയുള്ള ലൈംഗികവ്യാപാരശൃംഖലകൾ ശക്തിപ്രാപിച്ചത് കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിലാണ്. ഇത്തരത്തിലുള്ള സെക്സ് റാക്കറ്റുകളെക്കുറിച്ച് വിവരങ്ങൾ പുറത്തുവരുന്നത് 1996ൽ സൂര്യനെല്ലി കേസിലൂടെയാണ്. തുടർന്ന് മറ്റു പല കേസുകളും പുറത്തുവന്നു. പക്ഷേ, പരാതിപ്പെട്ടതോടുകൂടി പെൺകുട്ടികളും അവരുടെ കുടുംബങ്ങളും സാമൂഹികമായി തീർത്തും ഒറ്റപ്പെടുകയാണുണ്ടായത്. കല്ലെറിയുന്നതിന് ന്യായീകരണമായി പലരുടെയും മനസ്സിൽ ഒരേ ചോദ്യങ്ങളാണുയർന്നുവന്നത്. 'ഓടി രക്ഷപ്പെടാമായിരുന്നില്ലേ?' 'വിളിച്ചു കൂവാമായിരുന്നില്ലേ?' എന്ന കുറ്റപ്പെടുത്തലുകൾ കാട്ടുതീ പോലെയാണ് പടർന്ന് പെൺകുട്ടികളെ ജീവനോടെ ദഹിപ്പിക്കാനാഞ്ഞടുത്തത്. പതിനഞ്ചും പതിനാറും മാത്രം വയസ്സുള്ള ഈ പെൺകുട്ടികൾ വലിയ സെക്സ് റാക്കറ്റുകളുടെ ബന്ദികളായിരുന്നു എന്ന

സത്യം മനഃപൂർവം വിസ്മരിച്ചു. പ്രേമം, ദാരിദ്ര്യം, തൊഴിൽ തേടൽ, വീടുകൾക്കു ള്ളിലെ അരക്ഷിതത്വം, ശരിയായ ലൈംഗികവിദ്യാഭ്യാസമില്ലായ്മ തുടങ്ങി പലവിധ കാരണങ്ങളാലാണ് പെൺകുട്ടികൾ സെക്സ് റാക്കറ്റുകളിൽ അകപ്പെടുന്നതെന്ന് ഒന്നാലോചിച്ചാൽ മനസ്സിലാകും. മാത്രമല്ല, രാഷ്ട്രീയ, സാമ്പത്തിക സ്വാധീനശക്തി യുള്ള ആളുകൾ ഈ കേസുകളിലൊക്കെ പ്രതികളാണ്. സ്ത്രീകളുടെ വികസന ത്തിനും സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പ്രവർത്തിക്കാൻ ഉത്തരവാദപ്പെട്ട എം.എൽ.എമാർ, മന്ത്രിമാർ, പാർട്ടി നേതാക്കൾ, ഉദ്യോഗസ്ഥപ്രമുഖർ എന്നിങ്ങനെ യുള്ളവർ സ്ത്രീകൾക്കു നേരെയുള്ള ലൈംഗിക ചൂഷണത്തിലും അതിക്രമങ്ങളിലും നേരിട്ട് പങ്കെടുക്കുന്ന വൈരുധ്യങ്ങൾ നിറഞ്ഞ കേരളസമൂഹത്തിൽ സ്ത്രീകൾ ഇന്ന് ഒട്ടും തന്നെ സുരക്ഷിതരല്ല.

സെക്സ് റാക്കറ്റുകളിലേക്ക് പെൺകുട്ടികളെ എത്തിക്കുന്നത് സ്ത്രീകളാ ണെന്നും അതിനാൽ 'സ്ത്രീകളാണ് സ്ത്രീകളുടെ ശത്രു' എന്നുമുള്ള കുറ്റപ്പെടു ത്തലുകൾ പല ചർച്ചകളിലും സംഭാഷണങ്ങളിലും കേൾക്കാറുണ്ട്. സെക്സ് റാക്ക റ്റുകളിൽ ഏജന്റുമാരായി പ്രവർത്തിക്കുന്ന സ്ത്രീകളെ മാത്രം കുറ്റപ്പെടുത്തുന്നതു കൊണ്ട് പ്രയോജനമൊന്നുമില്ല. ആവശ്യക്കാരായ പുരുഷന്മാർക്കുവേണ്ടി ലൈംഗി കകച്ചവടക്കാർ ചൂണ്ടയിൽ കൊളുത്തിവിടുന്ന ഇരമത്സ്യങ്ങളാണ് ഇത്തരം സ്ത്രീകൾ. സാമൂഹികമായോ സാമ്പത്തികമായോ രാഷ്ട്രീയമായോ അധികാരമൊന്നുമില്ലാത്ത വർ. അതേസമയം, ഇവരെ നിയന്ത്രിക്കുന്നത് ഈ വിധത്തിൽ അധികാരമുള്ളവരു മാണ്. അതുകൊണ്ടാണ് എല്ലാ സെക്സ് റാക്കറ്റ് കേസുകളിലും സ്ത്രീകളായ ഏജന്റു മാർ പിടിയിലാകുന്നതും, അധികാരമുള്ള വലിയ പ്രതികൾ അറസ്റ്റു ചെയ്ത് ശിക്ഷി ക്കപ്പെടാതിരിക്കുകയും ചെയ്യുന്നത്.

കേരളത്തിലെ സ്ത്രീകളുടെ മുൻകൈയിലുള്ള കൂട്ടായ്മകൾക്ക് ഇക്കാലത്ത് അതി യായ പ്രാധാന്യമുണ്ട്. കേരള സ്ത്രീകളുടെ പൊതുവായതും സവിശേഷമായതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വ്യക്തികൾ എന്ന നിലയിലുള്ള അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി രൂപപ്പെട്ടു വന്നിട്ടുള്ള സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ ചരിത്രമാണ് നമ്മുടെ മുമ്പിലുള്ളത് എന്നത് കൊണ്ടു തന്നെ കേരളീയ സമൂഹത്തിൽ തുടർന്നും വിവിധ വിഭാഗങ്ങളിലുള്ള സ്ത്രീകളുടെ മുൻകൈയിലുള്ള സ്വത്വരാഷ്ട്രീ യ പ്രവർത്തനങ്ങൾക്ക് മുന്നോട്ടു പോകാതെ നിർവാഹമില്ല. അത്തരത്തിൽ വലിയൊരു മുന്നേറ്റം ഇനി കേരളത്തിൽ നടക്കാനിരിക്കുന്നത് ദലിത് സ്ത്രീകളുടെയും മുസ്‌ലിം സ്ത്രീകളുടെയും നേതൃത്വത്തിലായിരിക്കും എന്ന് വിചാരിക്കുന്നു. ■